എലിപ്പനി നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ

134 [135] ശ്രീ. പി. കെ. കെ. ബാവ:

,, ഇസ്ഹാക് കുരിക്കൾ:

,, പി. കെ. അബ്ദുറബ്ബ്:

,, സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എലിപ്പനിബാധമൂലം ആളുകൾക്ക് മരണം സംഭവിച്ചതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടുത്തകാലത്ത് സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിലാണ് വീണ്ടും എലിപ്പനിബാധയുണ്ടായിട്ടുള്ളത്;

(സി) ഇതിനെതിരെ എന്തെല്ലാം രക്ഷാപ്രവർത്തനങ്ങൾ എടുത്തിട്ടുണ്ട്;

(ഡി) ഇത് നിർമ്മാർജ്ജനം ചെയ്യുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും എലിപ്പനി കണ്ടെത്തിയിട്ടുണ്ട്. കൂടുതലായി കണ്ടത് തിരുവനന്തപുരം, കോട്ടയം, എറണാകുളം, ആലപ്പുഴ, തൃശൂർ, കോഴിക്കോട് എന്നീ ജില്ലകളിലാണ്.

(സി) എലിപ്പനി തടയുന്നതിനായി കൃഷി വകുപ്പിന്റെ സഹായത്തോടെ എലിനശീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. രോഗനിർണ്ണയം നടത്തുവാനുള്ള സൗകര്യം എല്ലാ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും ഏർപ്പെടുത്തിയിട്ടുണ്ട്. ഡോക്ടർമാർക്കും മറ്റു പ്രവർത്തകർക്കും പ്രത്യേക പരിശീലനം നൽകിയിട്ടുണ്ട്. ചികിത്സയ്ക്കാവശ്യമായി മരുന്നുകൾ എല്ലാ ആശുപത്രികളിലും ലഭ്യമാക്കിയിട്ടുണ്ട്. വ്യാപകമായ ആരോഗ്യ വിദ്യാഭ്യാസവും മാധ്യമങ്ങൾ മുഖേന ബോധവൽക്കരണവും നടത്തിയിട്ടുണ്ട്.

(ഡി) ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന വ്യാപകമായ എലിനശീകരണവും ആരോഗ്യ വിദ്യാഭ്യാസവും കൂടുതൽ ഊർജ്ജിതപ്പെടുത്തി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly